# പ്രാർത്ഥന-ദൈവസംസർഗ്ഗം



**Fr. T. J. Johnson**
Vicar & President

പ്രാർത്ഥന ഒരു കൃത്യനിർവ്വഹണവും, അധരസേവയുമല്ല, മറിച്ച് ഹൃദയാന്തർഭാഗത്തുനിന്ന് ഉത്ഭവിക്കുന്നതായിരിക്കണം.

യെശയ്യാവ് 29:13 "ഈ ജനം അടുത്തു വന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നു ദൂരത്തു അകറ്റി വച്ചിരിക്കുന്നു." പ്രാർത്ഥന ദൈവസംസർഗ്ഗമാണ്. ഹൃദയത്തെ ദൈവസന്നിധിയിൽ പകരുന്നതാണു പ്രാർത്ഥന. 'സ്വർഗ്ഗവും ഭൂമിയും പരസ്പരം ചുംബിക്കുന്ന അവസരമാണ് പ്രാർത്ഥന.' 'സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്ന താക്കോലാണ് പ്രാർത്ഥന. ഉദാ: പ്രാർത്ഥനാവീരനായ ഏലിയാവ് തന്റെ പ്രാർത്ഥനയിലൂടെ സ്വർഗ്ഗത്തിന്റെ വാതിൽ അടച്ചു. മഴ പെയ്തില്ല. ഏലിയാവ് പ്രാർത്ഥിച്ചു. ആകാശം തുറന്നു, മഴ പെയ്തു. ഏലിയാവിന്റെ പോക്കറ്റിൽ സ്വർഗ്ഗത്തിന്റെ താക്കോൽ ഉണ്ടായിരുന്നു. അതു പ്രാർത്ഥനയായിരുന്നു. 'ദൈവം പ്രദാനം ചെയ്യാനിരിക്കുന്നതു സ്വീകരിക്കുവാനുള്ള ഏക മാർഗ്ഗമാണ് പ്രാർത്ഥന.' യഹോവയുടെ സന്നിധിയിൽ ഹൃദയത്തെ പകരുന്നതായിരിക്കണം പ്രാർത്ഥന. 1 ശമു. 1:15 'എന്റെ ഹൃദയത്തെ യഹോവയുടെ സന്നിധിയിൽ പകരുകയായിരുന്നു.'

### എപ്പോഴൊക്കെ പ്രാർത്ഥിക്കണം

വി. പൗലോസിന്റെ വാക്കുകളിൽ 'ഇടവിടാതെ പ്രാർത്ഥിക്കണം.' "എപ്പോഴും പ്രാർത്ഥിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ." (1 തെസ്സ. 5:16-17) "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ" എന്നും പൗലോസ് ശ്ലീഹാ പറയുന്നു. റോമാ ലേഖനം 12:13 ലും പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. 'പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ.' നമ്മുടെ കർത്താവു പഠിപ്പിച്ചതും അനവരതമായ പ്രാർത്ഥനയാണ്. ദാവീദ് 7 പ്രാവശ്യം പ്രതിദിനം ദൈവത്തെ സ്തുതിച്ചു. സങ്കീ. 119:116 "നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു." സങ്കീ. 55:17 "ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും സങ്കടം ബോധിപ്പിച്ചു കരയും, അവൻ എന്റെ കരച്ചിലിന്റെ ശബ്ദം കേൾക്കും." ദാനി. 6:10 'ദാനിയേൽ യെരുശലേമിനെ നോക്കി ദിവസം മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു.' ഭീകരസിംഹങ്ങളുടെ വായ് അടയ്ക്കുവാൻ അവന്റെ പ്രാർത്ഥനയ്ക്കു ശക്തി ഉണ്ടായിരുന്നു. സാത്താനെ ജയിക്കുവാനുള്ള ആയുധമാണ് പ്രാർത്ഥന. 1 പത്രോ. 5:8 "നിർമ്മലരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റി നടക്കുന്നു."

### പ്രാർത്ഥനയിൽ മൂന്നു കാര്യങ്ങൾ ഉണ്ടാകണം.

#### 1. പൂർണ്ണവിശ്വാസം

കർത്താവു സ്വന്ത പട്ടണത്തിൽ ചെന്നപ്പോൾ സർവ്വശക്തനായ തനിക്കു അവിടെ വലിയ കാര്യങ്ങൾ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. കാരണം അവരുടെ അവിശ്വാസം. അവരുടെ അവിശ്വാസം ഹേതുവായി അവന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല.

"ദാതാവു നല്കുവാൻ കൈ നീട്ടുമ്പോൾ സ്വീകാരകൻ വാങ്ങുവാൻ കൈ നീട്ടണം. ചോദിച്ചാലെ കിട്ടൂ. അന്വേഷിച്ചാലെ കണ്ടെത്തൂ. മുട്ടിയാലെ തുറക്കൂ." "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിച്ചത് ഒക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ." വിശ്വസിച്ചാൽ നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണുമെന്നു മാർത്തയോടും നിങ്ങൾ വിശ്വസിച്ച് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും ലഭിക്കുമെന്നുള്ള ശ്ലീഹന്മാരോടുമുള്ള കർത്താവിന്റെ വചനങ്ങൾ നമുക്ക് ധൈര്യം പകരുന്നു. വിശ്വാസത്തോടെ യാചിക്കണം. സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിലൊക്കെയും അസ്ഥിരൻ ആകുന്നു. (യാക്കോ. 1:6-7) യാക്കോബ് ശ്ലീഹാ വീണ്ടും ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. ആകാശത്തു നിന്നു തീ ഇറങ്ങുവാൻ ഏലിയാവ് പ്രാർത്ഥിച്ചത് ഇറങ്ങും എന്നുള്ള ഉറച്ച വിശ്വാസത്തിലാണ്. കരകാണാത്ത കടലിനെ വടികൊണ്ട് അടിച്ചാൽ അത് ഉണങ്ങിയ നിലം ആകുമെന്നുള്ള ഉറച്ച വിശ്വാസമാണ് മോശയുടെ മാഹാത്മ്യം.

#### 2. കളങ്കമറ്റ സമീപനം

ദൈവത്തെ കാണുന്നത് ഹൃദയശുദ്ധിയുള്ളവർ ആണ്. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും. ലേവ്യ. 1:44 ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. ഞാൻ വിശുദ്ധനാകയാൽ നിങ്ങളെത്തന്നെ വിശുദ്ധീകരിച്ച് വിശുദ്ധന്മാരായിരിക്കണം. ആത്മീക നിഗളംകൊണ്ടു നിറഞ്ഞ പരീശനെക്കാൾ കണ്ണുനീരുകൊണ്ടു കറ കഴുകുന്ന ചുങ്കക്കാരനാണ് നീതീകരിക്കപ്പെട്ടത്. ദാവീദ് പറയുന്നു "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു. സങ്കീ. 66:18 ദാവീദ് വീണ്ടും പറയുന്നു "യഹോവയുടെ പർവ്വതത്തിൽ ആർ നില്ക്കും. വെടിപ്പുള്ള കൈയ്യും നിർമ്മല ഹൃദയവും ഉള്ളവൻ, വ്യാജത്തിനു മനസു വയ്ക്കാതെയും കള്ള സത്യം ചെയ്യാതെയും ഇരിക്കുന്നവൻ. (സങ്കീ. 24:3-4) യോശു. 7:10-15. പാളയത്തിൽ പാപം നിൽക്കുന്നിടത്തോളം കാലം അതു നീക്കാതെ പ്രാർത്ഥിച്ചതുകൊണ്ട് പ്രയോജനം ഇല്ല. ഹൃദയത്തിൽ നിന്നു പുറപ്പെടുന്നതിന്റെ ഒരു പട്ടിക വി. മത്തായിയുടെ സുവിശേഷത്തിൽ തരുന്നുണ്ട്.

#### 3. സ്തോത്രമാണ് പ്രാർത്ഥനയിൽ ആവശ്യം

ദാവീദിന്റെ സങ്കീർത്തനങ്ങളിൽ ഏറ്റവും കൂടുതൽ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് സ്തോത്രം ചെയ്യുവിൻ എന്നാണ്. വി. കുർബ്ബാനയിൽ പുരോഹിതൻ ചൊല്ലുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിയും സ്വർഗ്ഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരും ആരെ മഹത്വപ്പെടുത്തുന്നുവോ, ആയവനെ നമുക്കും മഹത്വപ്പെടുത്താം.

പ്രാർത്ഥനയ്ക്കു ചെലവഴിക്കുന്ന സമയം ദൈവത്തോട് പരാതി പറയാനല്ല. ദൈവസ്നേഹം അനുഭവിച്ചറിയാനാകണം. പ്രാർത്ഥനയ്ക്ക് ദൈവം നല്കുന്ന മറുപടി മൂന്നു തരത്തിലാണുള്ളത്. ഒന്നാമത്തേത് നിഷേധിക്കുന്നത്, ഇല്ല എന്നുള്ള മറുപടി. രണ്ടാമത്തെ മറുപടി കാത്തിരിക്കുക എന്നായിരിക്കും. യെസ് എന്നായിരിക്കും മറ്റൊന്ന്. വിവിധ തരത്തിലുള്ള മറുപടിക്കു പിമ്പിലുള്ള ദൈവോദ്ദേശം ഭക്തനായ ഒരുവൻ വിശദീകരിക്കുന്നത് ഇങ്ങനെയാണ്.

If God answer your Prayer, He is increasing your faith

If He delays, He is increasing your Patience

If He does not answer, He knows that you can hold it perfectly.